1. കുട്ടനാടിന്റെ ഇതിഹാസകാരൻ എന്നറിയപ്പെടുന്ന സാഹിത്യകാരൻ:
(എ) എം.മുകുന്ദൻ (ബി) തകഴി
(സി) വൈക്കം മുഹമ്മദ് ബഷീർ
(ഡി) എം.ടി.വാസുദേവൻ നായർ

2. സഹ്യന്റെ മകൻഎന്ന പ്രസിദ്ധമായ കവിതയെഴുതിയത്:
(എ) ഇടശ്ശേരി (ബി) വൈലോപ്പിള്ളി
(സി) സുഗതകുമാരി
(ഡി) എൻ.എൻ.കക്കാട്

3. സൂകരം എന്ന വാക്കിനർഥം:
(എ) പശു (ബി) കുതിര
(സി) സിംഹം (ഡി) പന്നി

4. ജയജയ കോമള കേരള ധരണി. എന്നു തുടങ്ങുന്ന ഗാനം രചിച്ചത്:
(എ) പി.ഭാസ്കരൻ
(ബി) പന്തളം കെ.പി.രാമൻ പിള്ള
(സി) ബോധേശ്വരൻ
(ഡി) അംശി നാരായണപിള്ള

5. വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം എന്നു എന്നെഴുതിയ കവി:
(എ) ഒളപ്പമണ്ണ (ബി) അക്കിത്തം
(സി) പൂന്താനം (ഡി) കുഞ്ചൻ നമ്പ്യാർ

6. കുചേലവൃത്തം വഞ്ചിപ്പാട്ടിന്റെ വൃത്തം:
(എ) നതോന്നത (ബി) കേക
(സി) കാകളി (ഡി) മഞ്ജരി

7. ലീലാതിലകം എന്ന വ്യാകരണ ഗ്രന്ഥം രചിച്ചിരിക്കുന്നത് ഏത് ഭാഷയിൽ?
(എ) സംസ്കൃതം (ബി) തമിഴ്
(സി) മലയാളം (ഡി) പ്രാകൃതം

8. കുടിയൊഴിക്കൽ എന്ന കൃതി രചിച്ചത്:
(എ) ചങ്ങമ്പുഴ (ബി) ഇടശ്ശേരി
(സി) വൈലോപ്പിള്ളി
(ഡി) പി.കുഞ്ഞിരാമൻ നായർ

9. തെറ്റായ വാക്യമേത്?
(എ) അവൻ നിന്നെ ആശ്രയിച്ചത് വേറെ ഗതിയില്ലാഞ്ഞിട്ടാണ്
(ബി) അവൻ നിന്നെ ആശ്രയിച്ചതു മറ്റൊരു ഗതിയില്ലാഞ്ഞിട്ടാണ്
(സി) അവൻ നിന്നെ ആശ്രയിച്ചത് ഗത്യന്തരമില്ലാത്തതിനാലാണ്
(ഡി) അവൻ നിന്നെ ആശ്രയിച്ചത് വേറെ ഗത്യന്തരമില്ലാത്തതിനാലാണ്

10. കേരള പാണിനി എന്ന പേരിൽ അറിയപ്പെടുന്ന സാഹിത്യകാരനാര്?
(എ) എ.ആർ. രാജരാജവർമ
(ബി) കുഞ്ഞുക്കുട്ടൻ തമ്പുരാൻ
(സി) കേരള വർമ
(ഡി) ചാത്തുക്കുട്ടി മന്നാടിയാർ

11. 'Time and tide wait for no man' എന്നതിന്റെ ആശയം:
(എ) കാലവും തിരമാലയും ആർക്കുവേണ്ടിയും കാത്തുനിൽക്കില്ല
(ബി) കാലവും തിരമാലയും മനുഷ്യനെ കാത്തുനിൽക്കും
(സി) കാലം തിരമാലയോടൊപ്പം മനുഷ്യനെ കാത്തു നിൽക്കുന്നു
(ഡി) കാലവും തിരമാലയും മനുഷ്യനും ആർക്കുവേണ്ടിയും കാത്തുനിൽക്കില്ല

12. പുരോഗതി എന്നതിന്റെ വിപരീതം:
(എ) അധോഗതി (ബി) പശ്ചാത്ഗതി
(സി) സദ്ഗതി (ഡി) ദുർഗതി

13. "Beating about the bush" എന്നതിനു സമാനമായ ശൈലി:
(എ) വളച്ചുകെട്ടി പറയുക
(ബി) കുറ്റിച്ചെടി തല്ലിയൊതുക്കുക
(സി) അനുസരണക്കേടിനു ശിക്ഷിക്കുക
(ഡി) വളർച്ച മുരടിപ്പിക്കുക

14. ദൃശ്യം എന്നതിന്റെ ശരിയായ വിഗ്രഹാർഥം:
(എ) ദർശിക്കപ്പെടാവുന്നത്
(ബി) ദർശിക്കുന്നവൻ
(സി) ദർശിക്കുന്ന ക്രിയ
(ഡി) ദർശിക്കുന്ന ശീലം

15. "As you sow so you reap" എന്നതിന്റെ പരിഭാഷ:
(എ) കൊയ്യുന്നതേ വിതയ്ക്കൂ
(ബി) വിതയ്ക്കുന്നത് കൊയ്യാറില്ല
(സി) വിതയ്ക്കുന്നതും കൊയ്യുന്നതും നീയല്ല
(ഡി) വിതയ്ക്കുന്നതേ കൊയ്യൂ

16. പി.വി.നാരായണൻ നായരുടെ തൂലികാനാമം:
(എ) പമ്മൻ (ബി) പവനൻ
(സി) അക്കിത്തം (ഡി) ഏകലവ്യൻ

17. ചതുർവിധാഭിനയങ്ങളിൽ കഥകളിയിൽ ഇല്ലാത്തത്:
(എ) വാചികം (ബി) സാത്വികം
(സി) ആഹാര്യം (ഡി) ആംഗികം

18. വിണ്ടലം എന്ന വാക്ക് പിരിച്ചു പറയുമ്പോൾ:
(എ) വിൻ+തലം (ബി) വിണ്ട്+അലം
(സി) വിൻ+ടലം (ഡി) വിൺ+തലം

19. ശരിയായ രൂപമേത്?
(എ) അടിമത്വം (ബി) ആണത്വം
(സി) മുതലാളിത്വം (ഡി) മനുഷ്യത്വം

20. ഷേക്സ്പിയറുടെ 'സിംബലിൻ' നാടകത്തിന്റെ ആശയാനുവാദമാണ് :
(എ) ഇന്ദുലേഖ (ബി) കുന്ദലത
(സി) മാർത്താണ്ഡവർമ
(ഡി) പുല്ലേലിക്കുഞ്ചു

21. 'ഉരുളയ്ക്കുപ്പേരി' എന്നതിന്റെ അർത്ഥം:
(എ) തക്ക മറുപടി
(ബി) മറുപടി
(സി) തെറ്റായ മറുപടി
(ഡി) ഇതൊന്നുമല്ല

22. 'സിംഹാവലോകനം' എന്ന ശൈലി അർത്ഥമാക്കുന്നത്:
(എ) ചുരുക്കുക (ബി) പരിശ്രമിക്കുക
(സി) ആകെക്കൂടിനോക്കുക
(ഡി) സഹായിയായി നിൽക്കുക

23. 'കുഞ്ഞുപാത്തുമ്മ' എന്ന കഥാപാത്രത്തെ സൃഷ്ടിച്ചത്:
(എ) തകഴി (ബി) ബഷീർ
(സി) കേശവദേവ് (ഡി) പൊറ്റക്കാട്ട്

24. 'ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി' രചിച്ചത്:
(എ) വള്ളത്തോൾ (ബി) കുമാരനാശാൻ
(സി) ഉള്ളൂർ (ഡി) ബാലാമണിയമ്മ

25. 'ദുനിയാവ്' എന്ന പദം ഏത് ഭാഷയിൽ നിന്നാണ് മലയാളത്തിലെത്തിയത്?
(എ) ഗ്രീക്ക് (ബി) അറബി
(സി) സുറിയാനി (ഡി) പേർഷ്യൻ

## ഉത്തരം

1 (ബി) 2(എ) 3 (ഡി) 4 (സി) 5(ബി) 6(എ) 7(എ) 8(സി) 9(ഡി) 10(എ) 11(എ) 12(ബി) 13(എ) 14(എ) 15(ഡി) 16(ബി) 17(എ) 18(ഡി) 19(ഡി) 20(ബി) 21(എ) 22(സി) 23(ബി) 24(എ) 25(ബി)